**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 257** | **01-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടയം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അർഹരായ അപേക്ഷകർക്ക് ഭൂമി വിതരണം വേഗത്തിലാക്കുന്നതിനുവേണ്ടി പട്ടയം മിഷൻ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | അർഹരും ഭൂരഹിതരുമായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യം വേഗതയിൽ പ്രാവർത്തികമാക്കാൻ ഒരു പട്ടയമിഷന് സർക്കാർ രൂപം നൽകുകയാണ്. മലയോര- ആദിവാസി ഭൂമികളുടെ വിതരണം വേഗതയിലാക്കാൻ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യർ തയ്യാറാക്കിയിട്ടുണ്ട്. പട്ടയ അപേക്ഷകളും പട്ടയം നൽകാനുള്ള തടസ്സങ്ങളും രേഖപ്പെടുത്താൻ ഒരു പട്ടയ ഡാഷ് ബോർഡ് ഇതിനകം നിലവിൽ വന്നിട്ടുണ്ട്. ഇതു വിപുലീകരിക്കാൻ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ എം.എൽ.എ. മാരുടെ സാന്നിധ്യത്തിൽ ജനപ്രതിനിധികളുടെ യോഗം ചേരുന്നതാണ്. എല്ലാ മണ്ഡലത്തിലും ഇതിനായി ഉയർന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകുന്നതാണ്. ഇതിൽ വരുന്ന പട്ടയ പ്രശ്നങ്ങൾക്ക് തടസ്സങ്ങൾ പരിഹരിക്കാൻ പ്രത്യേകമായ നടപടികൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരുക്കിയിട്ടുണ്ട്. ലാന്റ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കാൻ ടാർജറ്റ് നൽകി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനായി ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. താലൂക്ക് ലാന്റ് ബോർഡിലെ കേസുകൾ തീർപ്പാക്കാൻ നാല് മേഖലകളാക്കി തിരിച്ച് പ്രത്യേക ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകാനുള്ള തയ്യാറെടുപ്പിലാണ്. പട്ടയ വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വനം-വൈദ്യുതി-ജലവിഭവം - തദ്ദേശം - പൊതുമരാമത്ത് വകുപ്പുമായി പ്രത്യേകമായ ചർച്ചകൾ നടത്തി വരികയാണ്. ആദിവാസി പട്ടയങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ |

| | | | |
|---|---|---|---|
| | | | പട്ടികജാതി/വർഗ്ഗ വകുപ്പുമായും ചർച്ചകൾ നടന്നു വരുന്നു. ഇത്തരത്തിൽ വിവിധങ്ങളായ പരിപാടികൾ ഉൾപ്പെടുത്തിയാണ് പട്ടയമിഷൻ നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും ജില്ലാ തലത്തിൽ കളക്ടേറ്റിലും, താലൂക്ക് തലത്തിലും, പ്രത്യേക സെല്ലുകൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2023 ലെ ബജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ ഒരു വർഷ കാലയളവിനുള്ളിൽ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 40000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മലയോര, ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് വേണ്ടി പ്രത്യേക മാർഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മലയോര, ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് വേണ്ടി പ്രത്യേക മാർഗരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. 1960 ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (01-01-1977 മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കൈയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001 ലെ കേരള ഗവണ്മെന്റ് ഭൂമി പട്ടിക വർഗ്ഗങ്ങൾക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971 ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ച് നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടിക വർഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇത് കൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമപ്രകാരം പട്ടിക വർഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വിലയ്ക്ക് വാങ്ങി നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനാവകാശ നിയമപ്രകാരം വിവിധ ജില്ലകളിലായി **1369 പേർക്ക് 1699 .04** ഏക്കർ ഭൂമിയുടെ അവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം **198 ഗുണഭോക്താക്കൾക്ക് 38 .01 ഏക്കർ** ഭൂമി അനുവദിച്ചിട്ടുണ്ട്. നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ച **7693 .223 ഹെക്ടറിൽ 5190 .2627** ഹെക്ടർ വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതും അതിൽ **1988.6507 ഹെക്ടർ** |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്കു (പട്ടിക വർഗ്ഗക്കാർ ഉൾപ്പെടെ ) അനുവദിച്ചിട്ടുള്ളതുമാണ്. |
| (സി) | വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിച്ച കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് പട്ടയം മിഷൻ കൂടുതൽ പ്രാധാന്യം നൽകുമോ; വിശദമാക്കുമോ? | (സി) | വിവിധ ഭവന പദ്ധതികളിൽ വീടുകൾ ലഭ്യമായിട്ടുള്ള ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള പദ്ധതിയും പട്ടയമിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ